# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 527     12-6-2012 ന് മറുപടിയ്ക്ക്.

<u>വനം സർവ്വെ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും<br>സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം സർവ്വെ ഏറ്റവും ഒടുവിൽ നടത്തിയത് എന്നാണ് ; | (എ) സംസ്ഥാനത്തെ വനഭൂമി പൂർണ്ണമായി വനംവകുപ്പ് അടുത്ത കാലത്ത് സർവ്വെ നടത്തിയിട്ടില്ല |
| (ബി) പ്രസ്തുത സർവ്വെ പ്രകാരം സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. എന്നാൽ രേഖകൾ പ്രകാരം സംസ്ഥാനത്തെ ആകെ വനവിസ്തൃതി നിലവിൽ 11309.4754 ച.കി.മീ. ആയി കണക്കാക്കിയിട്ടുണ്ട്. |
| (സി) അതിൽ സ്വാഭാവിക വനത്തിന്റെയും വച്ചുപിടിപ്പിച്ച വനത്തിന്റെയും കണക്ക് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ ; | (സി) സ്വാഭാവിക വനത്തിന്റെ വിസ്തൃതി 9832.0824 ച.കി.മീറ്റർ ആയും വച്ചുപിടിപ്പിച്ച തോട്ടങ്ങളുടെ വിസ്തൃതി 1477.3930 ച.കി.മീ ആയും കണക്കാക്കിയിട്ടുണ്ട്. |
| (ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ മരം വച്ചുപിടിപ്പിച്ച ഭാഗം സർവ്വെയിൽ ഉൾപ്പെടുന്നുണ്ടോ ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ ? | (ഡി) പ്ളാന്റേഷൻ കോർപ്പറേഷന് മരംവച്ചുപിടിപ്പിക്കുന്നതിനായി 11684.5167 ഹെ. വനഭൂമി പാട്ടത്തിന് നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ